കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 2013-14 വാർഷിക പദ്ധതി - ഗ്രാമപഞ്ചായത്തുകൾക്ക് വാഹനം വാങ്ങുന്നതിന് ഇൻവോയ്സിൻറ അടിസ്ഥാനത്തിൽ ട്രഷറിയിൽ നിന്ന് പണം പിൻവലിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.301/14/തസ്വഭവ തിരുവനന്തപുരം, തീയതി :01/02/2014.

ഉത്തരവ്

2013-14 വാർഷിക പദ്ധതിയിലുൾപ്പെടുത്തി വാഹനം വാങ്ങുന്നതിന് ട്രഷറിയിൽ നിന്നും തുക മുൻകൂറായി പിൻവലിക്കുന്നതിന് അനുമതി നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാരിൽ നിന്നും അപേക്ഷകൾ സർക്കാരിന് ലഭിക്കുന്നുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. വാഹനം വാങ്ങുന്നതിന് മുൻകൂർ തുകമാറുന്നതിന് നിലവിൽയാതൊരുനിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ 2013-14 വാർഷിക പദ്ധതിലുൾപ്പെടുത്തി വാഹനം വാങ്ങുന്നതിന്പ്രഫോമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ സബ് ട്രഷറിയിൽ നിന്നും തുക പിൻവലിക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

(സി. വത്സല)
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ / ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (**LBA&A**), തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം,
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം.
ഡയറക്ടർ ഓഫ് ട്രഷറീസ്, തിരുവനന്തപുരം.
സെക്രട്ടറി, എല്ലാ ഗ്രാമപഞ്ചായത്തുകളും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
സെക്രട്ടറി, എല്ലാ മുനിസിപ്പാലിറ്റികളും (നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി,എല്ലാ ബ്ളോക്ക്പഞ്ചായത്തുകളും
(ഗ്രാമവികസന കമ്മിഷണർമുഖേന)
സെക്രട്ടറി, എല്ലാ ജില്ലാപഞ്ചായത്തുകളും
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ കെ എം
(ഈ വകുപ്പിൻറ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര്യവകുപ്പ്, (21.12.2013 99110/ധെവ.3/ധന അനൗ.ഫയൽ പ്രകാരം)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ